**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി. 26.07.2023**

# "കൈക്കൂലി വാങ്ങുന്നതിനിടയിൽ താലൂക്ക് സർവ്വേയർ വിജിലൻസ് പിടിയിലായി."

കോഴിക്കോട് ജില്ല താമരശ്ശേരി താലൂക്ക് സർവ്വേയറായ അബ്ദുൾ നസീർ.എം ആണ് 10,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (26.7.2023) വിജിലൻസിൻറെ പിടിയിലായത്.

കോഴിക്കോട് കൂടരഞ്ഞി സ്വദേശിയായ പരാതിക്കാരന്റെ പേരിൽ കൂടരഞ്ഞി വില്ലേജിലുള്ള വസ്തുവിൽ നിന്നും കുമ്പാറ-പുന്നക്കാട് റോഡ് വികസനത്തിന് സർക്കാർ ഭൂമി ഏറ്റെടുത്തതിന് ശേഷം അവശേഷിക്കുന്ന വസ്തു അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് നൽകുന്നതിനായി ഇക്കഴിഞ്ഞ ഏപ്രിൽ ആദ്യ ആഴ്ച കൂടരഞ്ഞി വില്ലേജ് ഓഫീസിൽ സമർപ്പിച്ചിരുന്ന അപേക്ഷ തുടർ നടപടികൾക്കായി താമരശ്ശേരി താലൂക്ക് സർവ്വേയർക്ക് അയച്ച് കൊടുത്തിരുന്നു. ഈ അപേക്ഷയിൽ തുടർ നടപടികൾ ഉണ്ടാകാതിരുന്നതിനെ തുടർന്ന് പരാതിക്കാരൻ താലൂക്ക് സർവ്വേയറായ അബ്ദുൾ നസീറിനെ ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ സമീപിച്ചപ്പോൾ 10,000/- രൂപ കൈക്കൂലി ചോദിക്കുകയും ജൂൺ 17-ാം തീയതി 10,000/- രൂപ G Pay വഴി അബ്ദുൾ നസീറിന് നൽകിയിട്ടും നടപടികൾ സ്വീകരിയ്ക്കാത്തതിനെ തുടർന്ന് പലവട്ടം പുരോഗതി അന്വേഷിച്ചപ്പോഴും പല കാരണങ്ങൾ പറഞ്ഞ് വസ്തു അളക്കുന്നത് നീട്ടിക്കൊണ്ട് പോകുകയായിരുന്നു.

തുടർന്ന് ഇക്കഴിഞ്ഞ 19ാം-ം തീയതി അബ്ദുൾ നസീറിനെ സമീപിച്ച പരാതിക്കാരനോട് വസ്തു അളന്ന് സ്കെച്ച് നൽകുന്നതിന് വീണ്ടും 10000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് കോഴിക്കോട് വടക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. പ്രജീഷ് തോട്ടത്തിലിനെ കണ്ട് പരാതി പറയുകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം കോഴിക്കോട് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.ഇ. സുനിൽകുമാറിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് രാവിലെ 11.00 മണിയോട് താമരശ്ശേരി താലൂക്ക് ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങി താലൂക്ക് തഹസീൽദാർ ഓഫീസിലേയ്ക്ക് കയറുന്ന സമയം വിജിലൻസ് സംഘം കൈയ്യോടെ അറസ്റ്റ് ചെയ്യുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി- ശ്രീ. സുനിൽകുമാർ.ഇ -യെ കൂടാതെ പോലീസ് ഇൻസ്പെക്ടറായ ശ്രീ.മൃദുൽകുമാർ, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ.സുനിൽ, ശ്രീ.ഷാജി, ശ്രീ.ഹരീഷ് കുമാർ, ശ്രീ. രാധാകൃഷ്ണൻ, ശ്രീ.സുജിത്ത് പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. അനിൽകുമാർ, ശ്രീ.ജയേഷ്, ഷൈജിത്ത് എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.